തിരുവല്ല താലൂക്ക് സപ്ലൈ ആഫീസിലെ ക്രമക്കേടുകൾ

105 (762) ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡ് നൽകുക, നിലവിലുള്ള റേഷൻ കാർഡിൽ പുതിയതായി അംഗങ്ങളെ ചേർക്കുക തുടങ്ങിയ ആവശ്യങ്ങളിൻമേൽ തിരുവല്ല താലൂക്ക് സപ്ലൈ ആഫീസിൽ വ്യാപകമായ അഴിമതിയും കാലവിളമ്പവും ഉണ്ടാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സർക്കാർ ഇതിനെതിരെ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) തിരുവല്ല താലൂക്ക് സപ്ലൈ ആഫീസിൽ ജനങ്ങളുടെ ഈ പ്രശ്നപരിഹാരത്തിന് ഒരു അദാലത്ത് നടത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(ഡി) തിരുവല്ലാ താലൂക്ക് സപ്ലൈ ആഫീസിലെ അഴിമതികളെക്കുറിച്ചും ക്രമക്കേടുകളെപ്പറ്റിയും സർക്കാർ അന്വേഷണം നടത്തുമോ?

ഉത്തരം

(എ)&(ബി) ഇല്ല. എങ്കിലും പ്രസ്തുത ആഫീസിൽ നിലവിൽ വിവിധ യിനങ്ങളിലായി തീർപ്പു കൽപിക്കുന്നതിന് ബാക്കിയുള്ള 211 അപേക്ഷകളിൻമേൽ രണ്ടാഴ്ചയ്ക്കുള്ളിൽ തീർപ്പു കൽപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പ്രശ്നപരിഹാരത്തിന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുള്ളതിനാൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) മുകളിലെ എ, ബി ചോദ്യങ്ങളുടെ ഉത്തരത്തിന്റെ അടിസ്ഥാനങ്ങളിൽ പ്രശ്നമുദിക്കുന്നില്ല.

കോഴിക്കോട് നഗരത്തിൽ പുതുതായി ആരംഭിച്ച മാവേലീസ്റ്റോറുകൾ

106 (763) ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ പുതുതായി എത്ര മാവേലീസ്റ്റോറുകൾ അനുവദിച്ചിട്ടുണ്ടെന്നും ഇവയിൽ എത്രയെണ്ണം പ്രവർത്തനം ആരംഭിച്ചു എന്നും വിശദമാക്കുമോ;

(ബി) അനുവദിച്ച മാവേലീസ്റ്റോർ പ്രവർത്തനം ആരംഭിക്കാത്തത് ഉണ്ടെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ?

ഉത്തരം

(എ)&(ബി) കോഴിക്കോട് ഒന്നും രണ്ടും നിയോജക മണ്ഡലങ്ങളിൽ വരുന്ന നഗരാതിർത്തിക്കുള്ളിൽ ഓരോ മാവേലീസ്റ്റോർ പുതുതായി തുറന്ന് പ്രവർത്തിപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അനുയോജ്യമായ കെട്ടിടങ്ങൾ നഗരസഭ ലഭ്യമാക്കുന്ന മുറയ്ക്ക് ഇവയുടെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly